# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.87/PR/PIC/PHQ/18 Date : 12.04.2018

---

## വാരാപ്പുഴ സംഭവം - നാല് പേരെ കൂടി സസ്പെന്റ് ചെയ്തു

വരാപ്പുഴയിൽ കേസന്വേഷണത്തിന്റെ ഭാഗമായി പോലീസ് കസ്റ്റഡിയിലെടുത്ത ശ്രീജിത്ത് എന്ന യുവാവ് ആശുപത്രിയിൽ മരണപ്പെട്ട സംഭവത്തിൽ നാല് പേരെ കൂടി അന്വേഷണ വിധേയമായി എറണാകുളം റേഞ്ച് ഐ.ജി. സസ്പെന്റ് ചെയ്തു. പറവൂർ സി.ഐ. ക്രിസ്പിൻ സാം, വരാപ്പുഴ എസ്.ഐ. ദീപക്, എ.എസ്.ഐ.(ഗ്രേഡ്) 7346 സുധീർ, എസ്.സി.പി.ഒ. (ഗ്രേഡ്) 8765 സന്തോഷ് ബേബി എന്നിവരെയാണ് സസ്പെന്റ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് കളമശ്ശേരി എ.ആർ ക്യാമ്പിലെ മൂന്നു പോലീസുകാരെ നേരത്തെ സസ്പെന്റ് ചെയ്തിരുന്നു.

പ്രത്യേക അന്വേഷണ സംഘം തലവനായ ഐ.ജി. എസ്. ശ്രീജിത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ.